## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1243 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യം സൃഷ്ടിക്കുന്ന സാമൂഹിക- പാരിസ്ഥിതിക പ്രശ്നങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം.ഉമ്മർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ അറവുശാലകൾ, സദ്യാലയങ്ങൾ, വലിയ ഹോട്ടലുകൾ എന്നിവയിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യം സൃഷ്ടിക്കുന്ന സാമൂഹിക- പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br>വ്യക്തിഗത അറവുശാലകൾ, പൗൾട്രിഫാമുകൾ, സദ്യാലയങ്ങൾ, വലിയ ഹോട്ടലുകൾ എന്നിവിടങ്ങളിൽ നിന്നും ജൈവ-അജൈവ മാലിന്യം പൊതുസ്ഥലങ്ങൾ, ഓടകൾ, പാതയോരങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ നിക്ഷേപിക്കുന്നത് വലിയ തരത്തിലുള്ള സാമൂഹ്യ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. ഇത്തരം മാലിന്യ നിക്ഷേപങ്ങളിൽ നിന്നും മലിനജലം (ലീച്ചേറ്റ്) ഒലിച്ചിറങ്ങി ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നതായും ആയതിലടങ്ങിയ ഖനലോഹങ്ങളും വിഷവസ്തുക്കളും ഇവ ആഗിരണം ചെയ്യപ്പെട്ട സസ്യ-ജന്തുക്കളിലൂടെ മനുഷ്യ ശരീരത്തിലെത്തി പലവിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായുള്ള പഠനങ്ങളും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുമ്പോൾ വമിക്കുന്ന പുകയിലടങ്ങിയ വിഷവാതകങ്ങൾ ക്യാൻസർ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്ക് കാരണമാകുന്നതായും റിപ്പോർട്ടുകളുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ മാലിന്യം ശേഖരിക്കുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഇല്ല. 2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് പ്രകാരം വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ, മുനിസിപ്പാലിറ്റികൾ വിജ്ഞാപനം ചെയ്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തത്തിൽ തന്നെ ഉറവിടത്തിൽ മാലിന്യം തരംതിരിച്ച് സംസ്കരിക്കണമെന്നുള്ളത് വ്യക്തമാക്കിയിട്ടുള്ളതാണ്. കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥാ വ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരം മാലിന്യമുല്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്തങ്ങളും അധികാര സ്ഥാനങ്ങളുടെ ചുമതലകളും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. ആയതിൻപ്രകാരം മാലിന്യം ഉൽപാദിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | | | ഏതൊരാളും മാലിന്യം തെരുവിലോ, പൊതു സ്ഥലത്തോ ജലാശയങ്ങളിലോ വലിച്ചെറിയാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | ആയതിനുവേണ്ടി ശുചിത്വ കാമ്പയിൻ നടത്തുന്നതിനും ബോധവത്ക്കരണം നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും ശാസ്ത്രീയ ജൈവ-അജൈവ മാലിന്യ പരിപാലന സൗകര്യങ്ങൾ എല്ലാതലങ്ങളിലും ആവശ്യാനുസരണം സൃഷ്ടിച്ചുകൊണ്ടും ശാസ്ത്രീയ മാലിന്യ പരിപാലനത്തിലൂടെ തങ്ങളുടെ ചുറ്റുപാട് വൃത്തിയും വെടിപ്പുമുള്ളതാക്കി സൂക്ഷിച്ച് പാരിസ്ഥിതികാഘാതവും ആരോഗ്യപ്രശ്നങ്ങളും ഒഴിവാക്കുന്നതിനുമുള്ള പൗരബോധവും സംസ്കാരവും ജനങ്ങളിൽ വളർത്തിക്കൊണ്ട് വരേണ്ടതുമുണ്ട്. എന്നിരുന്നാൽ മാത്രമേ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും, തെരുവിലും, ജലാശയങ്ങളിലും എത്തിച്ചേരുന്നത് ഫലപ്രദമായി തടയാൻ കഴിയൂ. ഇക്കാര്യങ്ങൾകൂടി ലക്ഷ്യമിട്ടുകൊണ്ടുള്ള ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന ബൃഹത്തായ "ഹരിത കേരളം" പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. വിവിധ വിഭാഗം പൗരന്മാരിലേക്ക് ശാസ്ത്രീയ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട അറിവുകളും, വിവരങ്ങളും എത്തിച്ച് അനുകൂല മനോഭാവവും ശീലവത്ക്കരണവും ഉറപ്പാക്കുന്നതിന് വിവിധ മാധ്യമങ്ങളിലൂടെ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ